LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ&ബി) സപ്ലൈകോഡ്, 2014 റെഗുലേഷൻ 99, 153 പ്രകാരം കണക്ടഡ് ലോഡിന്റെ 10 ശതമാനത്തിൽ അധികമായി സ്ഥാപിക്കപ്പെടുന്ന ഉപകരണങ്ങൾ ഔദ്യോഗികമായി ക്രമപ്പെടുത്തുന്നതിന് ഉപഭോക്താവ് ലൈസൻസിയുടെ മുമ്പാകെ അപേക്ഷ സമർപ്പിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ഇപ്രകാരം, യഥാസമയം കണക്ടഡ് ലോഡ് ക്രമീകരിച്ചിട്ടില്ലാത്ത ഉപഭോക്താക്കളിൽ നിന്നും അധിക തുക ഈടാക്കുന്നതിനും പ്രസ്തുത റെഗുലേഷനിൽ വ്യവസ്ഥയുണ്ട്.

(സി) രജിസ്റ്റേർഡ് ഉപഭോക്താക്കളുടെ ഉത്തരവാദിത്തമാണ് കണക്ടഡ് ലോഡ് സംബന്ധിച്ച വിശദാംശങ്ങൾ പുതുക്കേണ്ടത്. സർക്കാർ ഓഫീസുകളിൽ ഇതുസംബന്ധിച്ച് സാങ്കേതിക വിദഗ്ധർ ഇല്ലാത്ത പക്ഷം ഉപകരണങ്ങൾ സ്ഥാപിക്കുന്ന ഏജൻസികൾ തന്നെ കണക്ടഡ് ലോഡ് വർദ്ധനവ് സംബന്ധിച്ച വിവരങ്ങൾ രജിസ്റ്റേർഡ് ഉപഭോക്താവ് വഴി വൈദ്യുതി ബോർഡിനെ അറിയിക്കുന്നത് സംബന്ധിച്ച് കെ.എസ്.ഇ.ബി.-യുമായി കൂടിയാലോചിച്ച് തീരുമാനമെടുക്കാവുന്നതാണ്.

പോത്തൻകോട് - കാട്ടാക്കട ഹൈടെൻഷൻ ലൈൻ

46 (2284) ശ്രീ. എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൈദ്യുതി പ്രസരണ ശേഷി മെച്ചപ്പെടുത്തുന്നതിനായി സ്ഥാപിച്ചതും, 2010-ൽ പൂർത്തിയാക്കുമെന്ന് പ്രഖ്യാപിച്ചിരുന്നതുമായ പോത്തൻകോട്-കാട്ടാക്കട ഹൈടെൻഷൻ ലൈനിന്റെ അവശേഷിക്കുന്ന പ്രവൃത്തികൾ എന്തൊക്കെയാണ് എന്ന് വ്യക്തമാക്കുമോ ;

(ബി) ഈ പദ്ധതിയിൽ ആകെ എത്ര ടവറുകളാണ് സ്ഥാപിക്കുന്നത്, അതിൽ എത്രയെണ്ണം പൂർത്തിയായി; ബാക്കിയുള്ള ടവറുകളുടെ നിർമ്മാണം വൈകുന്നതിന്റെ കാരണം വിശദമാക്കുമോ ;

(സി) 2015 മാർച്ച് മാസത്തിന് മുമ്പ് ഈ പദ്ധതി കമ്മീഷൻ ചെയ്യാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) അവശേഷിക്കുന്ന പ്രവൃത്തികൾ താഴെ പറയുന്നവയാണ്.

1. 6 ടവറുകളുടെ അടിത്തറ നിർമ്മാണം.
2. 37 ടവറുകൾ സ്ഥാപിക്കൽ.
3. 28.5 കിലോമീറ്റർ ലൈൻ വലിക്കലും അനുബന്ധ ജോലികളും.

(ബി) ആകെ സ്ഥാപിക്കേണ്ട 108 ടവറുകളിൽ 71 ടവറുകളുടെ നിർമ്മാണം പൂർത്തിയായി. ബാക്കി ടവറുകളുടെ നിർമ്മാണം പുരോഗമിക്കുന്നു.

ലൈൻ സംബന്ധിച്ച് നിലനിന്നിരുന്ന കോടതി വ്യവഹാരങ്ങൾ, സ്ഥല ഉടമകളുടെ എതിർപ്പുകൾമൂലം നിർമ്മാണത്തിനുള്ള സാധന സാമഗ്രികൾ അതതു സ്ഥലങ്ങളിൽ എത്തിക്കുവാനുള്ള തടസ്സം, കരാറുകാരന്റെ സാമ്പത്തിക പരാധീനത മുതലായവ ഈ ജോലിയുടെ പുരോഗതിക്ക് തടസ്സമുണ്ടാക്കിയിട്ടുണ്ട്.

(സി) 2015 മാർച്ച് മാസത്തിന് മുമ്പ് പദ്ധതി പൂർത്തിയാക്കാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

പെരുന്തേനരുവി ചെറുകിട ജലവൈദ്യുത പദ്ധതി

47 (2285) <u>ശ്രീ. രാജു എബ്രഹാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പെരുന്തേനരുവി ചെറുകിട ജലവൈദ്യുത പദ്ധതിയുടെ പണികൾ ഏതു ഘട്ടംവരെയായി എന്ന് വിശദമാക്കാമോ ; ഇനി എന്തൊക്കെ പണികളാണ് ബാക്കി നിൽക്കുന്നതെന്ന് പറയാമോ ; പദ്ധതി എന്ന് കമ്മീഷൻ ചെയ്യാനാണ് ഉദ്ദേശിക്കുന്നത് ;

(ബി) പദ്ധതിയുടെ ആകെ മുതൽമുടക്ക് എത്രയെന്ന് പറയാമോ ; എത്ര മെഗാവാട്ട് വൈദ്യുതിയാണ് ഇവിടെ നിന്നും ഉത്പ്പാദിപ്പിക്കാൻ ഉദ്ദേശിക്കുന്നത് ; ഇവിടെ നിന്നും ഉത്പാദിപ്പിക്കുന്ന വൈദ്യുതി ഏതൊക്കെ പഞ്ചായത്തുകളിൽ വിതരണം ചെയ്യാനാണ് ഉദ്ദേശിക്കുന്നത് ;

(സി) വർഷത്തിൽ എല്ലാമാസവും ഇവിടെ നിന്നും വൈദ്യുതി ഉത്പ്പാദിപ്പിക്കാനാകുമോ ; ഏതൊക്കെ മാസങ്ങളിലാണ് വൈദ്യുതോത്പ്പാദനം ഇല്ലാതിരിക്കുന്നത് ; ഇതിന് കാരണം വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ) പെരുന്തേനരുവി ചെറുകിട ജലവൈദ്യുത പദ്ധതിയുടെ പണികൾ 31% പൂർത്തിയായി. പവർ ചാനലിന്റെ 42 ശതമാനവും ഫോർബേയുടെ 36 ശതമാനവും പണികൾ പൂർത്തിയായി. പവർ ഹൗസിന്റെ കോൺക്രീറ്റിംഗ് ജോലികൾ ആരംഭിച്ചു. തടയണയുടെ എസ്കവേഷൻ ജോലികൾ (Right Bank ഒഴികെ) പൂർത്തിയായി. തടയണയുടെയും പവർ ഹൗസിന്റെയും പണികളും, പവർഹൗസിലെ ഇലക്ട്രോ മെക്കാനിക്കൽ ജോലികളും, പവർ ചാനൽ, ഫോർബേ എന്നിവയുടെ ബാക്കി നിർമ്മാണങ്ങളും പൂർത്തീകരിക്കേണ്ടതുണ്ട്. പദ്ധതി 2015-ൽ കമ്മീഷൻ ചെയ്യാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly